# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 277 | 30.11.2015-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ സുരക്ഷ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ടി.എൻ.പ്രതാപൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഓപ്പറേഷൻ സുരക്ഷ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) അക്രമികളെയും, സാമൂഹ്യവിരുദ്ധരേയും, ഗുണ്ടകളേയും അമർച്ച ചെയ്ത് ജനങ്ങൾക്ക് സ്വൈര ജീവിതം ഉറപ്പ് വരുത്തുന്നതിനു വേണ്ടിയാണ് ഓപ്പറേഷൻ സുരക്ഷ പദ്ധതി ആരംഭിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും സ്ഥിരം കുറ്റവാളികൾക്കെതിരെ ഗുണ്ടാ നിയമം അനുസരിച്ചുള്ള നടപടികൾ കർശനമാക്കുകയും, ജില്ലകളിൽ മുമ്പ് അക്രമ സംഭവങ്ങളിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലും ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വ്യക്തികളുടെയും ഇപ്പോഴത്തെ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിച്ച് സമാധാന ജീവിതത്തിന് ഭീഷണിയാകുന്ന ആളുകളെ ഗുണ്ടാ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരികയും, സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുകയുമാണ് ഓപ്പറേഷൻ സുരക്ഷാ പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ? | (സി) സ്ഥിരം കുറ്റവാളികളെ പ്രത്യേകം നിരീക്ഷിക്കുന്നു. സ്ഥിരം കുറ്റവാളികൾ, മയക്കുമരുന്ന് ഉപയോഗിക്കുന്നവർ, വ്യാജ മദ്യം വിപണനം ചെയ്യുന്നവർ, അനധികൃത വെടി മരുന്ന് ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തുന്നതിനുവേണ്ടി നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയുള്ള നടപടികൾ വരും ദിവസങ്ങളിൽ കൂടുതൽ കർശനമാക്കുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയുള്ള പരാതികൾ 1090 എന്ന നമ്പരിൽ വിളിച്ചോ അതാത് ജില്ലാ പോലീസ് മേധാവിമാരെയോ അറിയിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ